(എ) മുൻ ജന്മിമാർക്ക് പെൻഷൻ നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള അടിസ്ഥാന തത്വങ്ങൾ എന്തെല്ലാമാണ്;

(ബി) അവർക്ക് നൽകുന്ന പെൻഷൻ എത്രയാണ്;

(സി) ഭൂപരിഷ്കരണംമൂലം ഭൂമി നഷ്ടപ്പെട്ട എല്ലാവർക്കും പെൻഷൻ നൽകുന്നുണ്ടോ;

(ഡി) ഈ ഗണത്തിൽപ്പെട്ട എല്ലാവർക്കും പെൻഷൻ നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ),(ബി),(സി)&(ഡി) ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയ തുമൂലം ഒരേക്കർ ഭൂമിയെങ്കിലും നഷ്ടപ്പെട്ടവരും, 6000 രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ളവരും 50 സെന്റ് വസ്തുവിൽ കൂടുതൽ ഭൂമിയില്ലാത്ത വരുമായ എഴുപത് വയസ് തികഞ്ഞ നിർദ്ധന ജന്മിമാർക്കാണ് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പ്രതിമാസം 100 രൂപ (നൂറു രൂപാ) പെൻഷൻ ലഭിക്കാൻ അർഹതയുള്ളത്. എന്നാൽ പ്രസ്തുത ചട്ടങ്ങൾ ഉദാരവൽക്കരിക്കണമെന്നും, പെൻഷൻ തുകയുയർത്തണമെന്നുമുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം വാർഷിക വരുമാനം 12,000 രൂപയിൽ കവിയാത്തവരും 60 വയസ് തികഞ്ഞവരുമായ നിർദ്ധനരായ എല്ലാ മുൻ ജന്മിമാർക്കും പ്രതിമാസം 300 രൂപ (മൂന്നൂറു രൂപ) വീതം പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

104 (661) റവന്യൂ വകുപ്പിലെ സീനിയോറിറ്റി ലിസ്റ്റ്

ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഇപ്പോൾ ജീവനക്കാരുടെ ഏതെല്ലാം സീനിയോറിറ്റി ലിസ്റ്റുകളാണ് പൂർത്തിയായിട്ടുള്ളത്;

(ബി) ജീവനക്കാർക്ക് ആയതിന്മേൽ ആക്ഷേപം ഉന്നയിക്കാൻ സമയം അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ എത്രകാലം; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനതല എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റുമാരുടെ 10.9.1984 മുതൽ 31.12.92 വരെയുള്ള ഏതു ലിസ്റ്റാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) എൽ.ഡി.സി./വില്ലേജ് അസിസ്റ്റന്റുമാരിൽ എന്നുവരെ സർവ്വീസിൽവന്നവരെയും എന്നുവരെ ടെസ്റ്റു യോഗ്യത നേടിയവരെയുമാണ് യു.ഡി.സി./വില്ലേജ് ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; ഇത് സംബന്ധിച്ചു അവസാനം നിലവിൽ വന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

ഉത്തരം

(എ) താഴെപ്പറയുന്ന പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റുകൾ 14.9.99 ലെ കോടതി ഉത്തരവ് പ്രകാരം പൂർത്തിയാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. 10.9.84-ൽ നിലവിലുണ്ടായിരുന്ന യു.ഡി.ക്ലാർക്ക്/വില്ലേജ് ഓഫീസർമാരുടെ സംസ്ഥാനതല സംയോജിത പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ്.

2. 10.9.84-ൽ നിലവിലുണ്ടായിരുന്ന എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ്മാരുടെ സംസ്ഥാനതല സംയോജിത പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ്.

3. 10.9.84 മുതൽ 28.2.88 വരെയുള്ള യു.ഡി.ക്ലാർക്ക്/വില്ലേജ് ഓഫീസർമാരുടെ സംസ്ഥാനതല പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ്.

4. 10.9.84 മുതൽ 31.12.98 വരെയുള്ള ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർമാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ്.

(ബി) ഒരു മാസത്തെ സമയം അനുവദിച്ചിട്ടുണ്ട്.

(സി) 10.9.84 മുതൽ 31.12.92 വരെയുള്ള എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റുമാരുടെ സംസ്ഥാനതല ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്. പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.

(ഡി) 31.12.94 വരെ എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റായി നിയമനം ലഭിച്ചവരിൽ ടെസ്റ്റ് പാസാകുകയോ 50 വയസ്സ് പൂർത്തിയാവുകയോ ചെയ്തവരെ സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്. അവസാനം നിലവിൽവന്ന സ്ഥാനക്കയറ്റം സംബന്ധിച്ച് ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

105 (662) റവന്യൂ വകുപ്പിൽ ഒഴിവുള്ള തസ്തികകളിലേക്ക് ജീവനക്കാരുടെ പ്രൊമോഷൻ

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂവകുപ്പിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് ജീവനക്കാരുടെ പ്രൊമോഷൻ യഥാസമയം നടക്കാറുണ്ടോ: ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദവിയിലുള്ളവരെയാണ് ഇങ്ങനെ പ്രൊമോഷൻ നൽകി നിയമിക്കുന്നത്;

(സി) മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ നൽകുന്നതിൽ ഏതെല്ലാം വിഭാഗത്തിലുള്ള ആളുകൾക്ക് ശമ്പള കുടിശ്ശിക ലഭിക്കും; ആയതിന് വ്യക്തമായ നിയമം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ വിശദീകരിക്കുമോ;

(ഡി) റവന്യൂ വകുപ്പിൽ ഇപ്പോൾ തയ്യാറാക്കിയ 84 മുതൽ 92 വരെയുള്ള എൽ.ഡി.സി./വി.എ.മാരുടെ സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ; ആയത് ജീവനക്കാർക്ക് പരിശോധിക്കാൻ കഴിയുമാറ് പരസ്യം ചെയ്തിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly